"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം ഡോ.നിഷ പി ഹരി ,അസിസ്റ്റന്റ് സർജൻ ,പ്രാഥമികാരോഗ്യ കേന്ദ്രം, വെള്ളായണി , തിരുവനന്തപുരം -ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത 1013/2023 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2284/2023/H&FWD തീയതി,തിരുവനന്തപുരം, 08-09-2023

---

പരാമർശം:-

1. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത 1013/2023 നമ്പർ കേസിൽ 19/06/2023 തീയതിയിൽ പുരപ്പെടുവിക്കപ്പെട്ട ഇത്തരവ്
2. സ ഉ(സാധ) 1518/2023/ആകുവ തീയതി 26/06/2023
3. സ ഉ (സാധ) 1603/2023/ആകുവ തീയതി 04/07/2023

4 ഡോ.നിഷ പി ഹരി സമർപ്പിച്ച അപ്പീൽ അപേക്ഷ

5 അപ്പീൽ കമ്മിറ്റി 22/07/2023 തീയതിയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### ഉത്തരവ്

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ തിരുവനന്തപുരം വെള്ളായണി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.നിഷ പി ഹരിക്ക് ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് താലൂക്കാശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 1013/2023 ഫയൽ ചെയ്യുകയും, തുടർന്ന് ബഹു .ട്രിബ്യൂണൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെടുകയുമുണ്ടായി. പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും അംഗങ്ങളായും പരാമർശം (2), (3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

2. ഇതിനിടെ പരാമർശം (1) ലെ നിർദ്ദേശ പ്രകാരം ഡോ.നിഷ പി ഹരി പരാമർശം (4) പ്രകാരമുള്ള അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2), (3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-2023 ന് യോഗം ചേരുകയും ഡോ.നിഷ പി ഹരിയുടേതുൾപ്പെടെയുള്ള അപ്പീലുകൾ പരിശോധിക്കുകയും ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചതുപ്രകാരം ഓരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിലും അപ്പീൽ അപേക്ഷയിലും ഡോ.നിഷ പി ഹരി ആവശ്യപ്പെട്ടത്

ടിയാളെ നിലവിലെ സ്റ്റേഷനിൽ തുടരാനനുവദിക്കുകയോ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ടിയാൾ ആവശ്യപ്പെട്ട ഏതെങ്കിലും സ്റ്റേഷനിൽ നിയമനം നൽകുകയോ ചെയ്യണം എന്നതാണ് .

(3) അപ്പീൽ കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഡോ.നിഷ പി ഹരി പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ഉൾപ്പെടുത്തിയിരുന്ന ഓപ്റ്റഡ് സ്റ്റേഷനുകളിലേക്ക് നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംരക്ഷണവും പരിഗണിച്ചുകൊണ്ടാണ്. ആയതിനാൽ ടിയാളുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ടിയാൾ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിക്കുന്നതിന് കമ്മിറ്റി പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരിക്കുന്നു.

(4) മേൽപ്പറഞ്ഞ സാഹചര്യത്തിൽ, ഡോ.നിഷ പി ഹരി പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ഉൾപ്പെടുത്തിയിരുന്ന ഓപ്റ്റഡ് സ്റ്റേഷനുകളിലേക്ക് നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംരക്ഷണവും പരിഗണിച്ചുകൊണ്ടാണെന്നതിനാൽ, ടിയാളുടെ അപേക്ഷ പരിഗണിക്കാൻ നിർ വ്വാഹമില്ലാത്തതിനാൽ , ടിയാൾ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം ( 1 ) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,കേരള,തിരുവനന്തപുരം

ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം

ഡോ.നിഷ പി ഹരി, അസിസ്റ്റന്റ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം, വെള്ളായണി
തിരുവനന്തപുരം

ഡോ.സുമിത .എം.കെ അസിസ്റ്റന്റ് സർജൻ,പ്രാഥമികാരോഗ്യ കേന്ദ്രം ,
കടകംപള്ളി ,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
R Renuka
Date: 08-09-2023 19:17:16

**മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി 11.09.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി